പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം. 2799** | **07.12.2018-ൽ മറുപടിയ്ക്ക്**

## ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ കെ.എഫ്.ഡി.സി. യുടെ തിയേറ്റർ സമുച്ചയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി യുടെ വിദഗ്ധ സംഘം പരിശോധിച്ച് സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദാംശങ്ങളും സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ;<br><br>(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി. യുടെ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ? | (എ) & (ബി) & (സി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയ്ക്കായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം കെ.എസ്.എഫ്.ഡി.സി യുടെ വിദഗ്ധ സംഘം പരിശോധിച്ച് സാദ്ധ്യത വിലയിരുത്തി. തിയേറ്റർ നിർമ്മാണത്തിനായി അനുവദിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം മൈലക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ കോമ്പൗണ്ടിലാണ്. പ്രസ്തുത സ്ഥലം സന്ദർശനം നടത്തിയ വേളയിൽ തന്നെ സ്കൂൾ അധികൃതരിൽ നിന്നും, സ്കൂൾ പി.ടി.എ ഭാരവാഹികളിൽ നിന്നും പ്രതിഷേധം ഉയർന്നിരുന്നു. ഇക്കാരണങ്ങളാൽ തുടർ നടപടികളുമായി മുന്നോട്ട് പോകുവാൻ കെ എസ് എഫ് ഡി സി -യ്ക്ക് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ടി സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന കേരളത്തിലുടനീളം 100 സിനിമ തീയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ടി സ്ഥലത്തെയും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ